## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3586 30.01.2014-ൽ മറുപടിക്ക്

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേജർ ഇൻഫ്രാസ്ട്രക്ചറൽ പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കുന്ന മേജർ ഇൻഫ്രാസ്ട്രക്ചറൽ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫിഷറീസ് മേഖലയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും വിപുലപ്പെടുത്തലും, മത്സ്യംകരക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം, മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ്, ഡ്രഡ്ജിംഗ്, തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധരിക്കലും പാലങ്ങളുടെ നിർമ്മാണം തുറമുഖ വകുപ്പിന്റെ സിവിൽ പ്രവൃത്തികൾ എന്നിവയും മേൽ പദ്ധതികളുമായി ബന്ധപ്പെട്ട പുലിമുട്ടുകൾ, വാർഫ്, ലേലപ്പുരകൾ, പാർക്കിംഗ് ഏരിയ, റോഡുകൾ, പാലങ്ങൾ, ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജുകൾ എന്നീ മേജർ ഇൻഫ്രാസ്ട്രക്ചറുകൾ നടപ്പാക്കുന്നുണ്ട്. |
| (ബി) | ഗവർണ്ണറുടെ 2013 ലെ നയപ്രഖ്യാപനത്തിൽ 2013-14-ൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞ മത്സ്യബന്ധന തുറമുഖങ്ങളിൽ ഏതെല്ലാം നാളിതുവരെ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നവ എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ ? | (ബി) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഗവർണ്ണറുടെ 2013 ലെ നയപ്രഖ്യാപനത്തിൽ വിഴിഞ്ഞം, മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായ് ചെറുവത്തൂർ, ചെത്തി (ഒന്നും രണ്ടും ഘട്ട വികസനപ്രവർത്തനങ്ങൾ) എന്നീ മത്സ്യ ബന്ധനതുറമുഖങ്ങളാണ് പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതി ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളൊഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ച് 2/2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാം ഘട്ട വികസന പദ്ധതിയിലുൾപ്പെട്ട ഡ്രഡ്ജിംഗ്, കോൾഡ് സ്റ്റോറേജ്, ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. 2nd സ്റ്റേജ് ബ്രേക്ക് വാട്ടർ പൂർത്തീകരിച്ചു. ബേസിനിൽ മണ്ണിടിയുന്നതിനാൽ പരിഹരിക്കുന്നതിനുള്ള പഠനത്തിനായി പൂനയിലെ CWPRS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധഘടകങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുക, തീരം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി, ഡ്രെഡ്ജിംഗ് തുടങ്ങിയ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ത്വരിതപ്പെടുത്തി 2014 സെപ്തംബറിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ചേറ്റുവ മത്സ്യബന്ധ തുറമുഖത്തിന്റെ പാർക്കിംഗ് ഏരിയ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബ്രേക്കവാട്ടർ, വാർഫ്, ലേലപ്പുര അപ്രോച്ച് റോഡ്, ആന്തരിക റോഡ്, നെറ്റ്മെന്റിംഗ് ഷെഡ്, ഗിയർ ഷെഡ്, ഷോപ്പിംഗ്ബിൽഡിംഗ്, വർക്ക് ഷോപ്പ് ബിൽഡിംഗ്, ലോക്കർറൂം തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിലവിലുള്ള ലേലപ്പുരയുടെ നവീകരണത്തിനും ഗേറ്റ് ഹൗസ് കോമ്പൗണ്ട്‌വാൾ നിർമ്മിക്കുന്നതിനുമുള്ള ദർഘാസിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ഇവയുടെ നിർമ്മാണം ത്വരിപ്പെടുത്തുന്നതാണ്. ഈ സാമ്പത്തികവർഷം പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖത്തെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകളുടെ നിർമ്മാണം, വാർഫ്, ലേലപ്പുര എന്നിവ പൂർത്തീകരിച്ചു. ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ അനുബന്ധ ഘടകങ്ങൾ ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ. 6574 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭ്യമാകുന്നതനുസരിച്ച് 2015 ജൂലൈ -ൽ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ഗേറ്റ്, ഗേറ്റ് ഹൗസ്, കാന്റീൻ, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, അപ്രോച്ച് റോഡ് കോമ്പൗണ്ട്‌വാൾ (ഫേസ് 1) തുടങ്ങിയവ പൂർത്തീകരിക്കുകയും ബാക്കി ഘടകങ്ങളായ വാർഫ്, ലേലപ്പുര. കോമ്പൗണ്ട്‌വാൾ (ഫേസ് 2) എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. ഡ്രെഡ്ജ് ചെയ്ത് യാർഡ് നികത്തുന്നതിനുള്ള പ്രവൃത്തിയ്ക്കുവേണ്ടി 3510.59 ലക്ഷം രൂപയുടെ കോമ്പ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അംഗീകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാവുന്നതനുസരിച്ച് 2014 ഡിസംബറിൽ പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന പ്രവൃത്തികളായ വാർഫ്, ലേലപ്പുര, തീരസംരക്ഷണഭിത്തി തുടങ്ങിയവ പൂർത്തീകരിച്ചു. പുലിമുട്ടുകളുടെ നിർമ്മാണം, റിക്ലമേഷൻ, ഡ്രെഡ്ജിംഗ്, റെസ്റ്റ് ഷെഡ് തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തനുള്ള സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് 2014 ഡിസംബറിൽ പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ